പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1799 11.2.2013-ൽ മറുപടിക്ക്

## കണ്ണൂർ ജില്ലയിലെ സമ്പൂർണ്ണ ശുചിത്വയജ്ഞം പദ്ധതിയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.പി. ജയരാജൻ | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) സമ്പൂർണ്ണ ശുചിത്വയജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി 2011-12-ലും 2012-2013-ലും കണ്ണൂർ ജില്ലയിൽ എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയെന്നും എത്ര തുക ലഭ്യമാക്കിയെന്നും വെളിപ്പെടുത്തുമോ; | എ) കണ്ണൂർ ജില്ലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി 2011-12 സാമ്പത്തിക വർഷത്തിൽ 17 കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ളക്സുകൾക്ക് വേണ്ടി 34 ലക്ഷം രൂപയും 2 അംഗൻവാടി ടോയ്ലറ്റുകൾക്ക് 16,000 രൂപയും 12 പഞ്ചായത്തുകളിൽ ഖരദ്രവമാലിന്യ സംസ്കരണത്തിന് പൊതു സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് 45 ലക്ഷം രൂപയും വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് 9.5 ലക്ഷം രൂപയും വാർഷിക പദ്ധതി പ്രകാരം ഉൾപ്പെടുത്തി തുക ലഭ്യമാക്കിയിരുന്നു. അതുപോലെ 2012-13 സാമ്പത്തിക വർഷത്തിൽ 20 കമ്മ്യൂണിറ്റി കോംപ്ളക്സുകൾക്ക് 40 ലക്ഷം രൂപയും 2 റൂറൽ സാനിട്ടറി മാർട്ടുകൾക്ക് 7 ലക്ഷം രൂപയും ഖരദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന് 38 ലക്ഷം രൂപയും വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് 25 ലക്ഷം രൂപയും വാർഷിക പദ്ധതിയിൽ ഉൾക്കൊളളിച്ച് തുക ലഭ്യമാക്കിയിരുന്നു. |
| ബി) സമ്പൂർണ്ണ ശുചിത്വയജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ നഗരസഭകളിലും നഗരപ്രാന്തപഞ്ചായത്തുകളിലും എന്തെല്ലാം പദ്ധതികളാണ് ഇതിനോടകം ആരംഭിച്ചതെന്നും ഓരോ പദ്ധതിയും ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും ഓരോ പദ്ധതിക്കുമായി ലഭ്യമാക്കിയ ഫണ്ട് എത്രയെന്നും വ്യക്തമാക്കുമോ; | ബി) സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതി ഗ്രാമപ്രദേശങ്ങളിൽ മാത്രം നടപ്പിലാക്കി വരുന്ന പദ്ധതിയാണ്. കണ്ണൂർ ജില്ലയിലെ നഗരപ്രാന്ത പഞ്ചായത്തുകളിൽ നാളിതുവരെ 18632 വ്യക്തിഗത ഗാർഹിക കക്കൂസുകൾ, 10 കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ളക്സുകൾ, 58 സ്കൂൾ ടോയ്ലറ്റ് യൂണിറ്റുകൾ, 125 അംഗൻവാടി ടോയ്ലറ്റുകൾ, 10 പഞ്ചായത്തുകളിൽ ഖരദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങളും ആരംഭിക്കു |

കയുണ്ടായി. ഇതിൽ വ്യക്തിഗത ഗാർഹിക കക്കൂസുകൾ, കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾ, അംഗൻവാടി ടോയ്‌ലറ്റുകൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഖരദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ നിർവഹണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. വ്യക്തിഗത ഗാർഹിക കക്കൂസുകൾ നിർമ്മിക്കുന്നതിന് വേണ്ടി 201 ലക്ഷം രൂപയും, സ്കൂൾ ടോയ്‌ലറ്റുകൾക്കുവേണ്ടി 11.7 ലക്ഷം രൂപയും, കമ്മ്യൂണിറ്റി സാനിട്ടറികോംപ്ലക്സുകൾക്കു വേണ്ടി 20 ലക്ഷം രൂപയും, അംഗൻവാടി ടോയ്‌ലറ്റുകൾക്കുവേണ്ടി 8 ലക്ഷം രൂപയും, ഖരദ്രവമാലിന്യ സംസ്കരണത്തിന് 30 ലക്ഷം രൂപയും ഇതിനോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്.

സി) ജില്ലയിലെ മാർക്കറ്റുകളിൽ മാലിന്യ സംസ്കരണത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സി) ജില്ലയിലെ 6 മുനിസിപ്പാലിറ്റികളിലെ മാർക്കറ്റുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ